**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1712** **31-08-2022 - ൽ മറുപടിയ്ക്ക്**

**മണിമലയിൽ എൽ.ബി.എസ്. സെന്റർ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എൽ.ബി.എസ്. സെന്ററിന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന ഏതെങ്കിലും സബ്സെന്റർ നിർത്തലാക്കിയിട്ടുണ്ടോ; അറിയിക്കാമോ; | (എ) | **ഉണ്ട്. എൽ.ബി.എസ്. സെന്ററിന്റെ കീഴിൽ പ്രവർത്തിച്ചുവന്നിരുന്ന നാദാപുരം, ഗുരുവായൂർ എന്നീ സബ്സെന്ററുകൾ നിർത്തലാക്കിയിട്ടുണ്ട്.** |
| (ബി) | കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ കീഴിൽ കമ്പ്യൂട്ടർ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ഒരു സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ പ്രവർത്തിക്കുന്നുണ്ട്.** |
| (സി) | മണ്ഡലത്തിന്റെ കിഴക്കൻ മേഖലയിൽപ്പെട്ടതും പട്ടികജാതി, പട്ടികവർഗ്ഗവിഭാഗത്തിലുള്ള വിദ്യാർത്ഥികൾ വളരെയധികം താമസിക്കുന്ന പ്രദേശവുമായ മണിമലയിൽ, എൽ.ബി.എസ്. സബ്സെന്റർ അനുവദിക്കണമെന്നാവശ്യപ്പെട്ട് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | **കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ മണിമലയിൽ എൽ.ബി.എസിന്റെ ഒരു സബ് സെന്റർ തുടങ്ങുന്നത് സംബന്ധിച്ച് എൽ.ബി.എസ് ഡയറക്ടർക്ക് ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ എൽ.ബി.എസിന്റെ ഒരു പ്രതിനിധി മൂന്ന് സ്ഥലങ്ങളിൽ നിർദ്ദേശിച്ച കെട്ടിടങ്ങൾ സന്ദർശിക്കുകയും മണിമല ഗ്രാമപഞ്ചായത്ത് കെട്ടിടം സൗജന്യമായി അനുവദിക്കുകയാണെങ്കിൽ എൽ.ബി.എസ് സബ് സെന്റർ തുടങ്ങാൻ സാധിക്കുമെന്ന് റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.** |
| (ഡി) | സെന്റർ പ്രവർത്തിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും സൗജന്യമായി വിട്ടുനൽകാൻ മണിമല ഗ്രാമപഞ്ചായത്ത് സന്നദ്ധമായിരിക്കുന്ന സാഹചര്യത്തിൽ പുതിയ സബ്സെന്റർ ആരംഭിക്കുന്ന കാര്യം അനുഭാവപൂർവം പരിഗണിക്കാമോ? | (ഡി) | **സെന്റർ പ്രവർത്തിക്കുന്നതിനായി കെട്ടിടം സൗജന്യമായി ലഭിച്ചാൽ, എൽ.ബി.എസി ന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിഗണിക്കാവുന്നതാണ്.** |

സെക്ഷൻ ഓഫീസർ